**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2066** **21-06-2024 - ൽ മറുപടിയ്ക്ക്**

**പ്രകൃതിക്ഷോഭം നേരിട്ടവരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ നിലവിൽ വന്ന ശേഷം കോങ്ങാട് മണ്ഡലത്തിൽ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് അപകട ഭീഷണിയുള്ള പ്രദേശങ്ങളിൽ നിന്നും എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | 15 കുടുംബങ്ങളെ അപകട ഭീഷണിയുള്ള പ്രദേശങ്ങളിൽ നിന്നും മാറ്റി പാർപ്പിക്കുന്നതിനായി സംയുക്ത സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. കോങ്ങാട് മണ്ഡലത്തിലെ പുനരധിവാസം സംബന്ധിച്ച കേസുകളിൽ ഓറഞ്ച് പുസ്തകം 2023ലെ ചെക്ക് ലിസ്റ്റ് പ്രകാരം സ്കോറിന്റെ അടിസ്ഥാനത്തിൽ പാലക്കയം വില്ലേജിലെ 6 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് ജില്ലാ കളക്ടർക്ക് ശിപാർശ നൽകിയിട്ടുണ്ട്. ഇതിൽ സ്കോർ 35-ൽ താഴെയുള്ള ശ്രീമതി.സിനി W/o സജി, പതിനാറ് പാറയിൽ വീട് എന്നയാളെ പുനരധിവസിപ്പിക്കുന്നവരുടെ പട്ടികയിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങാനും വീട് വയ്ക്കാനും ധനസഹായം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്കോർ 35-ന് മുകളിലുള്ള ബാക്കി 5 കുടുംബങ്ങളുടെ പുനരധിവാസം സംബന്ധിച്ച റിപ്പോർട്ടുകൾ പരിഗണനയിലാണ്. |
| (ബി) | ഇനി എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കാനുണ്ടെന്നും അതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ? | (ബി) | 15 കുടുംബങ്ങളെ അപകട ഭീഷണിയുള്ള പ്രദേശങ്ങളിൽ നിന്നും മാറ്റി പാർപ്പിക്കുന്നതിനായി സംയുക്ത സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. കോങ്ങാട് മണ്ഡലത്തിലെ പുനരധിവാസം സംബന്ധിച്ച കേസുകളിൽ ഓറഞ്ച് പുസ്തകം 2023ലെ ചെക്ക് ലിസ്റ്റ് പ്രകാരം സ്കോറിന്റെ അടിസ്ഥാനത്തിൽ പാലക്കയം വില്ലേജിലെ 6 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് ജില്ലാ കളക്ടർക്ക് ശിപാർശ നൽകിയിട്ടുണ്ട്. ഇതിൽ സ്കോർ 35-ൽ താഴെയുള്ള ശ്രീമതി.സിനി W/o സജി, പതിനാറ് പാറയിൽ വീട് എന്നയാളെ പുനരധിവസിപ്പിക്കുന്നവരുടെ പട്ടികയിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങാനും വീട് വയ്ക്കാനും ധനസഹായം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്കോർ 35-ന് മുകളിലുള്ള ബാക്കി 5 കുടുംബങ്ങളുടെ |

| | | | |
|---|---|---|---|
| | | | പുനരധിവാസം സംബന്ധിച്ച റിപ്പോർട്ടുകൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ